**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 40** **07-10-2024 - ൽ മറുപടിയ്ക്ക്**

**സർക്കാർ ജീവനക്കാരുടെ ഡി.പി.സി. സെലക്ട് ലിസ്റ്റിൽ ജീവനക്കാരെ ഉൾപ്പെടുത്തുന്നില്ലായെന്ന ആക്ഷേപം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | സർക്കാർ ജീവനക്കാരുടെ പ്രൊമോഷന് വേണ്ടിയുള്ള ഡി.പി.സി. സെലക്ട് ലിസ്റ്റിൽ ഒഴിവിന് ആനുപാതികമായി ജീവനക്കാരെ ഉൾപ്പെടുത്തുന്നില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | 2024 ൽ ഡി.പി.സി. ലിസ്റ്റിൽ ആവശ്യത്തിന് ജീവനക്കാർ ഇല്ലാത്തത് കാരണം അഡ്ഹോക് ഡി.പി.സി. കൂടേണ്ടിവന്ന വകുപ്പുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | വിവിധ വകുപ്പുകളിൽ ഡി.പി.സി കൂടുന്നതുമായി ബന്ധപ്പെട്ട വിവരങ്ങൾ പ്രത്യേകമായി ശേഖരിക്കാറില്ല. |
| (സി) | ഡി.പി.സി. ലിസ്റ്റിൽ ആവശ്യാനുസരണം ജീവനക്കാരെ ഉൾപ്പെടുത്താത്തതിനാൽ ജീവനക്കാരുടെ പ്രൊമോഷൻ വൈകുകയും തന്മൂലം പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നുള്ള പുതിയ നിയമനത്തെയും ബാധിക്കുന്നുവെന്ന വിഷയം പരിശോധിക്കാമോ; | (സി) | ഒരു വർഷം നിലവിലുള്ള/ഉണ്ടാകാൻ സാധ്യതയുള്ള ഒഴിവുകൾക്കു തുല്യമായ എണ്ണം ജീവനക്കാരുടെ പേരുകൾ ഡി.പി.സി സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസസ് റൂൾസ് ഭാഗം II ചട്ടം28(ബി)(i) (7) ൽ വ്യവസ്ഥയുണ്ട്. തസ്തിക സൃഷ്ടിക്കൽ പോലെയുള്ള ഏതെങ്കിലും കാരണങ്ങളാൽ പ്രതീക്ഷിത ഒഴിവുകൾ അധികരിക്കുകയും വർഷം അവസാനിക്കുന്നതിനു മുമ്പ് സെലക്ട് ലിസ്റ്റ് തീരുകയും ചെയ്യുന്ന പക്ഷം സപ്ലിമെന്റൽ സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനും ടി ചട്ടത്തിൽ വ്യവസ്ഥയുണ്ട്. ഡി.പി.സി ലിസ്റ്റിൽ ജീവനക്കാരെ ഉൾപ്പെടുത്താത്തതിനാൽ പി.എസ്.സി നിയമനത്തെ ബാധിക്കുന്ന സ്ഥിതി പൊതുവിൽ ഉണ്ടാകാറില്ല.<br><br>പ്രൊമോഷനിലെ കാലതാമസം ഒഴിവാക്കുന്നതിലേക്കായി ഡി.പി.സി. നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള സമയക്രമം നിശ്ചയിച്ചു കൊണ്ട് കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസസ് റൂൾസ് ഭാഗം II ചട്ടം 28(b)(i)-ലെ ഉപചട്ടം(4)ൽ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി വ്യവസ്ഥകൾ പ്രകാരം |

| | | | |
|---|---|---|---|
| | | | സമയബന്ധിതമായി ഡി.പി.സി നടപടികൾ പൂർത്തീകരിച്ച് പ്രൊമോഷൻ അനുവദിക്കുന്നതിന് എല്ലാ വകുപ്പമേധാവികൾക്കും നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് കാലാകാലങ്ങളിൽ സർക്കുലറുകൾ പുറപ്പെടുവിക്കുകയും ചെയ്യുന്നുണ്ട്. |
| (ഡി) | പ്രസ്തുത പരാതി ഒഴിവാക്കുന്നതിനായി ഒരു വർഷം ഉണ്ടാകുന്ന പ്രതീക്ഷിത ഒഴിവിന്റെ ഇരട്ടിയിൽ കൂടുതൽ എണ്ണം ജീവനക്കാരെ ഡി.പി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തുവാനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) | ഒരു വർഷം നിലവിലുള്ള/ഉണ്ടാകാൻ സാധ്യതയുള്ള ഒഴിവുകൾക്കു തുല്യമായ എണ്ണം ജീവനക്കാരുടെ പേരുകൾ ഡി.പി.സി സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസസ് റൂൾസ് ഭാഗം II ചട്ടം28(ബി)(i) (7) ൽ വ്യവസ്ഥയുണ്ട്. തസ്തിക സൃഷ്ടിക്കൽ പോലെയുള്ള ഏതെങ്കിലും കാരണങ്ങളാൽ പ്രതീക്ഷിത ഒഴിവുകൾ അധികരിക്കുകയും വർഷം അവസാനിക്കുന്നതിനു മുമ്പ് സെലക്ട് ലിസ്റ്റ് തീരുകയും ചെയ്യുന്ന പക്ഷം സപ്ലിമെന്റൽ സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനും ടി ചട്ടത്തിൽ വ്യവസ്ഥയുണ്ട്. ഡി.പി.സി ലിസ്റ്റിൽ ജീവനക്കാരെ ഉൾപ്പെടുത്താത്തതിനാൽ പി.എസ്.സി നിയമനത്തെ ബാധിക്കുന്ന സ്ഥിതി പൊതുവിൽ ഉണ്ടാകാറില്ല.<br><br>പ്രൊമോഷനിലെ കാലതാമസം ഒഴിവാക്കുന്നതിലേക്കായി ഡി.പി.സി. നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള സമയക്രമം നിശ്ചയിച്ചു കൊണ്ട് കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസസ് റൂൾസ് ഭാഗം II ചട്ടം 28(b)(i)-ലെ ഉപചട്ടം(4)ൽ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി വ്യവസ്ഥകൾ പ്രകാരം സമയബന്ധിതമായി ഡി.പി.സി നടപടികൾ പൂർത്തീകരിച്ച് പ്രൊമോഷൻ അനുവദിക്കുന്നതിന് എല്ലാ വകുപ്പമേധാവികൾക്കും നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് കാലാകാലങ്ങളിൽ സർക്കുലറുകൾ പുറപ്പെടുവിക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ